**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 788** **11-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണമേഖലക്കായി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുതിയ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയുടെ മുന്നേറ്റത്തിന് പ്രതികൂലമായി ബാധിക്കുന്നുണ്ടോ;വ്യക്തമാക്കാമോ; | (എ) | റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ വിവിധ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയുടെ മുന്നേറ്റത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.<br><br>1949-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ ബാങ്കിംഗ് റെഗുലേഷൻ ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കുകയും 2020 ജൂൺ മാസത്തിൽ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) ഓർഡിനൻസ് പാസാക്കുകയും തുടർന്ന് 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം, 29.09.2020-ന് പാർലമെന്റിൽ പാസാക്കുകയും ആയതിന് ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ടി ഭേദഗതി നിയമത്തിലെ വകുപ്പ് (1) പ്രകാരം, ടി നിയമത്തിലെ വകുപ്പ് (4) ഒഴികെയുള്ളവ 26.06.2020 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണെന്നും, 4-ാം വകുപ്പ്, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 29.06.2020-നും, സംസ്ഥാന സഹകരണ ബാങ്കിനും സെൻട്രൽ സഹകരണ ബാങ്കുകൾക്കും ഗസറ്റിൽ നോട്ടിഫൈ ചെയ്യുന്ന തീയതിയുമായിരിക്കുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പല ഭേദഗതി നിർദ്ദേശങ്ങളും സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.<br><br>ടി ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) ആക്ടിലെ വകുപ്പ് (4) പ്രകാരം ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ വകുപ്പ് 56-ൽ വരുത്തിയ ഭേദഗതികളിൽ പബ്ലിക് ഇഷ്യുവിലൂടെയും പ്രൈവറ്റ് പ്ലേസ്മെന്റിലൂടെയും ഇക്വിറ്റി/ പ്രിഫറൻസ് ഓഹരി മൂലധനം സ്വരൂപിക്കുന്നതിനുള്ള വ്യവസ്ഥ, ഓഹരി മൂലധനം തിരിച്ച് നൽകുന്നത് തടഞ്ഞുകൊണ്ടുള്ള വ്യവസ്ഥ, ചില നിയമനങ്ങളിലുള്ള നിയന്ത്രണം, ചില ഭരണസമിതി അംഗങ്ങൾക്കും |

ചെയർമാനുമുള്ള യോഗ്യത, ഓഹരികൾ, ഓഡിറ്റ്, ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള അധികാരം തുടങ്ങിയുള്ള നിരവധി വ്യവസ്ഥകൾ, ഇന്ത്യൻ ഭരണഘടനയിലെ സ്റ്റേറ്റ് ലിസ്റ്റിലെ എൻട്രി 32-ലെ ‘incorporation, regulation and winding up’ of co-operative societies എന്നിവയുമായി ബന്ധപ്പെട്ടവയാണ്. ആയത് സംസ്ഥാന താല്പര്യത്തെയും സംസ്ഥാനത്ത് ബാങ്കിംഗ് റെഗുലേഷൻ നിയമം നിലവിൽ ബാധകമായിട്ടുള്ള സ്ഥാപനങ്ങളായ കേരള സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ എന്നിവയെയും അവയിലെ അംഗങ്ങളുടെ താല്പര്യങ്ങളെയും ബാധിക്കുമെന്ന് കരുതുന്നു.

2020-ൽ ബാങ്കിംഗ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതും സഹകരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്.

സഹകരണ ബാങ്കുകളുടെ ബൈലായെ മറികടക്കാനുള്ള വകുപ്പ്, വ്യാപാരം നടത്തുന്നതിനുള്ള നിയന്ത്രണം, ബാങ്കിംഗ് ഇതര ആസ്തികൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള നിയന്ത്രണം, ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ തെരഞ്ഞെടുപ്പ്, നിയമനം, നീക്കം ചെയ്യൽ, ചെയർമാനെ നിയമിക്കുന്നതും നീക്കം ചെയ്യുന്നതും, അടച്ച തീർത്ത മൂലധനവും കരുതൽ ധനവും സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾ, സഹകരണ ബാങ്കുകൾ വഴി അടച്ച ഓഹരി മൂലധനത്തിന്റെയും സെക്യൂരിറ്റികളുടെയും ഇഷ്യൂവും നിയന്ത്രണവും, മറ്റ് സഹകരണ സംഘങ്ങളിൽ ഓഹരികൾ കൈവശം വയ്ക്കുന്നതിനുള്ള നിയന്ത്രണം, ഒരു ചെയർമാൻ, ഒരു മാനേജിംഗ് ഡയറക്ടർ അല്ലെങ്കിൽ മറ്റേതെങ്കിലും ഡയറക്ടറുടെ നിയമനം അല്ലെങ്കിൽ പുനർനിയമനം അല്ലെങ്കിൽ പ്രതിഫലം സംബന്ധിച്ചുള്ള അധികാരം, ഒരു സഹകരണ ബാങ്കിന്റെ മാനേജർമാരെയും, മറ്റ് ഓഫീസർ അല്ലെങ്കിൽ ജീവനക്കാരൻ എന്നിവരെ ഓഫീസിൽ നിന്ന് നീക്കം ചെയ്യാനുള്ള അധികാരം, ഒരു സഹകരണ ബാങ്കിന്റെ ഡയറക്ടർ ബോർഡിന്റെ സൂപ്പർസെഷനുള്ള അധികാരം എന്നിങ്ങനെ വിവിധ അധികാരങ്ങളും നിയന്ത്രണങ്ങളും സഹകരണ ബാങ്കുകളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഭേദഗതിയിലൂടെ നടപ്പിലാക്കിയിട്ടുണ്ട്.

ബാങ്കിംഗ് നിയമത്തിന്റെ ഭേദഗതിയിലൂടെ, ടി നിയമത്തിലെ വകുപ്പ് (3) പ്രകാരം, ഒരു പ്രാഥമിക

| | | | |
|---|---|---|---|
| | | | കാർഷിക വായ്പ സഹകരണ സംഘവും കാർഷിക വികസനത്തിനായി ദീർഘകാല വായ്പ നൽകുകയെന്നത് പ്രാഥമിക ഉദ്ദേശ്യമായും, മുഖ്യ ബിസിനസുമായുള്ള ഒരു സഹകരണ സംഘവും അവയുടെ പേരിന്റെ ഭാഗമായോ, ബിസിനസിന്റെ ഭാഗമായോ, 'ബാങ്ക്', 'ബാങ്കർ', 'ബാങ്കിംഗ്' എന്നീ പദങ്ങൾ ഉപയോഗിക്കുകയും, ചെക്കുകളുടെ drawee ആയി പ്രവർത്തിക്കുകയുമാണെങ്കിൽ, അവയ്ക്ക് ടി നിയമം ബാധകമായിരിക്കും.<br><br>ടി വ്യവസ്ഥ നിലവിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ചില പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ എന്നിവയെ ബാധിക്കുന്നവയാണ്.<br><br>ടി സ്ഥാപനങ്ങൾ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാകണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള 'ബാങ്ക്' എന്ന പദം ഒഴിവാക്കുകയും ഇടപാടുകാർക്ക് ചെക്ക് സംവിധാനം എവിടെയെങ്കിലും നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് റിസർവ് ബാങ്ക് വിവിധ പത്രമാദ്ധ്യമങ്ങളിൽ മേൽ വിഷയത്തിന്മേൽ നോട്ടിഫിക്കേഷനുകൾ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.<br><br>ഈ വിഷയത്തിൽ സർക്കാർ ഒരു Original Suit സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | അർബൻ ബാങ്കുകൾക്കായി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കണമെന്ന റിസർവ്വ് ബാങ്ക്ഓഫ് ഇന്ത്യ നിർദ്ദേശം സഹകരണ മേഖലയ്ക്ക് പ്രയോജനകരമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | അർബൻ ബാങ്കുകൾക്കായി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കണമെന്ന റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ